ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

NATIONAL BULLETIN

DATE: 27.11.2024 TIME : 12.50 PM

## പ്രധാന വാർത്തകൾ

1. നാല് ദിവസത്തെ സന്ദർശനത്തിനായി രാഷ്ട്രപതി ദ്രൗപദി മുർമു തമിഴ് നാട്ടിലെത്തി.

   **President Draupadi Murmu has arrived in Tamil Nadu for a four-day visit.**

2. വിവിധ വിഷയങ്ങളെ ചൊല്ലിയുള്ള ബഹളത്തെ തുടർന്ന് പാർലമെൻറ് ഇരു സഭകളും ഇന്നത്തേക്ക് പിരിഞ്ഞു.

   **Both the Houses of Parliament adjourned for the day due to the uproar over various issues.**

3. രാജ്യത്തെ ശൈശവ വിവാഹമുക്തമാക്കുന്നതിനുള്ള ബാൽ വിവാഹ് മുക്ത് ഭാരത് ദേശീയ പ്രചാരണ പരിപാടിക്ക് തുടക്കം. മനുഷ്യാവകാശ ലംഘനത്തിൻറെ ഏറ്റവും ഗുരുതര രൂപങ്ങളിലൊന്നാണ് ശൈശവ വിവാഹമെന്ന് കേന്ദ്രമന്ത്രി അന്നപൂർണാ ദേവി.

   **Bal Vivah Mukt Bharat national campaign to get rid from child marriage has been launched. Union Minister Annapurna Devi said that child marriage is one of the most serious forms of human rights violation.**

4. തെക്ക് പടിഞ്ഞാറൻ ബംഗാൾ ഉൾക്കടലിൽ രൂപപ്പെട്ട ന്യൂനമർദ്ദം ഇന്ന് ഫെംഗൽ ചുഴലിക്കാറ്റായി മാറാൻ സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. തമിഴ് നാട്ടിൽ വിവിധ ജില്ലകളിൽ ജാഗ്രതാ നിർദ്ദേശം.

   **The Central Meteorological Department said that the low pressure formed in the southwest Bay of Bengal is likely to turn into Cyclone Fengal today. Alert issued in various districts of Tamil Nadu.**

5. ശബരിമലയിൽ 12 വിളക്ക് പ്രമാണിച്ച് വൻ ഭക്തജനത്തിരക്ക്.

   **Devotees throng sabarimala on the occassion of 12 lamps.**

6. ഐഎസ്എൽ ഫുട്ബോളിൽ ഇന്ന് മൊഹമ്മദൻ എഫ് സി, ബംഗളൂരു എഫ് സിയുമായി ഏറ്റുമുട്ടും.

**Mohammedan FC will face Bengaluru FC today in ISL football.**

## PRESIDENT -TAMILNADU VISIT

നാല് ദിവസത്തെ സന്ദർശനത്തിനായി രാഷ്ട്രപതി ദ്രൗപദി മുർമു തമിഴ് നാട്ടിലെത്തി. കോയമ്പത്തൂരിലെത്തിയ രാഷ്ട്രപതി നാളെ ഊട്ടിയിലെ വെല്ലിംഗ്ടണിലെ പ്രതിരോധ സേന സ്റ്റാഫ് കോളേജിലെ പരിപാടിയിൽ സംബന്ധിക്കും. 29 -ാം തീയതി നീലഗിരിയിലെ ഗോത്രവിഭാഗങ്ങളുമായി രാഷ്ട്രപതി സംവദിക്കും. കോയമ്പത്തൂരിലും ഊട്ടിയിലും സുരക്ഷ ശക്തമാക്കി.

## PARLIAMENT

പാർലമെൻറിലെ ഇരുസഭകളും ബഹളത്തെ തുടർന്ന് ഇന്നത്തേക്ക് പിരിഞ്ഞു. രാജ്യസഭ സമ്മേളിച്ച ഉടൻ പ്രമുഖ ബിസിനസ് ഗ്രൂപ്പിനെതിരായ അഴിമതി ആരോപണങ്ങൾ പ്രതിപക്ഷം ഉന്നയിച്ചു. ബഹളം ഏറിയതോടെ രാവിലെ 11.30 വരെ സഭ നിർത്തിവച്ചു. വീണ്ടും ചേർന്നപ്പോൾ പ്രതിപക്ഷം ബഹളം ഉയർത്തിയതോടെ അധ്യക്ഷൻ ജഗദീഷ് ധൻകർ സഭ ഇന്നത്തേക്ക് പിരിയുന്നതായി അറിയിച്ചു. ലോക്സഭയിലും സമാന രംഗങ്ങളാണ് അരങ്ങേറിയത്. ഉത്തർപ്രദേശിലെ സംഭാൽ, മണിപ്പൂർ വിഷയവും ഉന്നയിക്കപ്പെട്ടു. തുടർന്ന് ഇരു സഭകളും ഇന്നത്തേക്ക് പിരിഞ്ഞു.

## BAL VIVAH MUKTH BHARAT

മനുഷ്യാവകാശ ലംഘനത്തിന്റെ ഏറ്റവും ഗുരുതരമായ രൂപങ്ങളിലൊന്നാണ് ശൈശവ വിവാഹമെന്ന് കേന്ദ്രമന്ത്രി അന്നപൂർണ്ണാ ദേവി. ന്യൂഡൽഹിയിലെ വിജ്ഞാൻ ഭവനിൽ ബാൽ വിവാഹ് മുക്ത് ഭാരത് ദേശീയ യജ്ഞത്തിന് തുടക്കം കുറിക്കുകയായിരുന്നു കേന്ദ്രമന്ത്രി. പെൺകുട്ടികൾക്ക് സാമ്പത്തിക സ്വാതന്ത്ര്യവും സാമൂഹിക സുരക്ഷയും അനിവാര്യമാണെന്നും നല്ല അന്തരീക്ഷം സൃഷ്ടിച്ചുകൊണ്ട്

പെൺകുട്ടികൾക്ക് പഠനം തുടരാൻ നാം അവസരമൊരുക്കണമെന്നും കേന്ദ്രമന്ത്രി പറഞ്ഞു.

(വോയ്സ്)

## INDIA - ISA

ഫിജി, മഡഗാസ്കർ, കോമറോസ്, സീഷെൽസ് എന്നിവിടങ്ങളിൽ പുതിയ സൗരോർജ്ജ പദ്ധതികൾ നടപ്പിലാക്കാൻ ഇന്ത്യയും അന്താരാഷ്ട്ര സൗരസഖ്യവും തമ്മിൽ കരാർ ഒപ്പ് വച്ചു. ന്യൂഡൽഹിയിൽ ഇന്ത്യൻ വിദേശകാര്യ മന്ത്രാലയവും അന്താരാഷ്ട്ര സൗരസഖ്യവും തമ്മിൽ ആണ് ഇന്നലെ കരാർ ഒപ്പ് വച്ചത്. ഈ ഇന്തോ പസഫിക് രാജ്യങ്ങളിൽ പുതിയ സൗരോർജ്ജ പദ്ധതികൾക്കായി രണ്ട് ദശലക്ഷം യു.എസ് ഡോളർ നിക്ഷേപിക്കുമെന്ന് നേരത്തെ ഇന്ത്യ അറിയിച്ചിരുന്നു. ഇവിടെ ഊർജ്ജ പ്രതിസന്ധി മൂലം കാർഷികോത്പന്നങ്ങൾ നശിക്കുന്നത് പ്രശ്നം സൃഷ്ടിച്ചിട്ടുണ്ട്. ആരോഗ്യ സംവിധാനങ്ങൾക്കും പോരായ്മകളുണ്ട്.

## TELENGANA - GOC REVIEW

ദക്ഷിണ ഭാരത് കമാൻഡിംഗ് ജനറൽ ഓഫീസർ ലഫ്റ്റനൻറ് ജനറൽ കരൺബീർ സിംഗ് ബ്രാർ തെലങ്കാന-ആന്ധ്ര മേഖല ആസ്ഥാനത്തെ പ്രവർത്തന, ഭരണ കാര്യക്ഷമത വിലയിരുത്തി. പരിശീലന കേന്ദ്രങ്ങളുടെയും സൈനികാശുപത്രികളുടെയും പ്രവർത്തനം സംബന്ധിച്ചും അദ്ദേഹം വിലയിരുത്തൽ നടത്തി. സൈനികരമായി അദ്ദേഹം ആശയവിനിമയം നടത്തി.

## JAISHANKAR G7 MEET

ആശങ്കകൾക്കും സംഘർഷങ്ങൾക്കുമിടയിലും ഇൻഡോ-പസഫിക് മേഖലയിൽ പുതിയ സംയോജന-പങ്കാളിത്ത മാറ്റങ്ങൾ കണ്ടുവരുന്നതായി കേന്ദ്ര വിദേശകാര്യമന്ത്രി എസ് ജയശങ്കർ. ഇറ്റലിയിലെ ഫിയുഗിയിൽ ഇന്തോ-പസഫിക് പങ്കാളികളുമായി നടന്ന ജി 7 വിദേശകാര്യ മന്ത്രിമാരുടെ യോഗത്തോട് അനുബന്ധിച്ചുള്ള സമ്പർക്ക പരിപാടിയിൽ

പങ്കെടുക്കുകയായിരുന്നു അദ്ദേഹം. ക്വാഡ് കൂട്ടായ്മയുടെ പരിണാമം ശ്രദ്ധേയമായ വികാസമാണെന്നും അദ്ദേഹം പറഞ്ഞു. ഇന്തോ-പസഫിക് പ്രദേശം വിശാലമായ സഹകരണ സമീപനത്തിന് ശ്രമിക്കുന്നതായി അദ്ദേഹം ചൂണ്ടിക്കാട്ടി. സമുദ്രം, അർദ്ധചാലകങ്ങൾ, വിതരണ ശൃംഖലകൾ തുടങ്ങിയവയുമായി ബന്ധപ്പെട്ട സഹകരണം ഉൾപ്പെടെ ഇൻഡോ-പസഫിക് മേഖലയ്ക്കാവശ്യമായ ആറ് പ്രധാന ഉത്തരവാദിത്തങ്ങളും ശ്രീ ജയശങ്കർ ഓർമ്മിപ്പിച്ചു. ഭരണം, ആരോഗ്യം, സാങ്കേതികവിദ്യ എന്നിവയ്ക്കൊപ്പം അന്താരാഷ്ട്ര നിയമങ്ങളോടുള്ള ആദരവും ഇൻഡോ-പസഫിക് മേഖലയുടെ വികസനത്തിന് അനിവാര്യമാണെന്ന് അദ്ദേഹം പറഞ്ഞു.

## INTERNATIONAL TOURISM MART

ടൂറിസം മന്ത്രാലയത്തിൻറെ അന്താരാഷ്ട്ര ടൂറിസം മാർട്ടിൻറെ 12 -ാാം പതിപ്പ് കാസിരംഗ ദേശീയോദ്യാനത്തിൽ ഇന്ന് നടക്കുന്നു. വടക്ക് കിഴക്കൻ മേഖലയുടെ വിനോദ സഞ്ചാര സാധ്യതകൾ ഉയർത്തിക്കാട്ടുകയാണ് ലക്ഷ്യം. എട്ട് വടക്ക് കിഴക്കൻ സംസ്ഥാനങ്ങളിൽ നിന്നുള്ള സംരംഭകർ ടൂറിസം മാർട്ടിൽ പങ്കെടുക്കും. കേന്ദ്ര ടൂറിസം മന്ത്രി ഗജേന്ദ്ര സിംഗ് ഷെഖാവത് ഉദ്ഘാടനം ചെയ്യും. അസം മുഖ്യമന്ത്രി ഹിമന്ദ ബിസ്വ ശർമ്മ, അരുണാചൽ പ്രദേശ് മുഖ്യമന്ത്രി പ്രേമ ഖണ്ഡു, കേന്ദ്രമന്ത്രി സർബാനന്ദ സോനോവാൾ എന്നിവരും പങ്കെടുക്കും.

## SABARIMALA

ശബരിമല സന്നിധിയിൽ 12 വിളക്ക് പ്രമാണിച്ച് നല്ലതിരക്കാണ് അനുഭവപ്പെടുന്നത്. ഇന്ന് രാവിലെ ഒൻപതുവരെയുള്ള കണക്കനുസരിച്ച് 29,226 തീർഥാടകരാണ് ദർശനം നടത്തിയത്. സന്നിധാനത്ത് ഇന്ന് ഉച്ചയ്ക്ക് വഴിപാടായി അങ്കിചാർത്തും വൈകിട്ട് ദീപാരാധനയ്ക്കു ശേഷം പുഷ്പാഭിഷേകവും നടക്കും. മലയാളികളായ തീർഥാടകർ ഏറെ എത്തുന്നത് പന്ത്രണ്ട് വിളക്കിനു ശേഷമാണ്. ഇന്നലെയും തീർഥാടകരുടെ നല്ല തിരക്ക് അനുഭവപ്പെട്ടു. വലിയ നടപ്പന്തലും പിന്നിട്ട് ശരം കുത്തി ഭാഗംവരെ ഇന്നലെ ഭക്തരുടെ നിര നീണ്ടതിനാൽ നാലു മണിക്കൂർ വരെ കാത്തുനിന്നാണ് തീർഥാടകർ ദർശനം നടത്തിയത്.

## NAVIN BABU

കണ്ണൂർ മുൻ ADM നവീൻ ബാബുവിന്റെ മരണത്തിൽ CBI അന്വേഷണം ആവശ്യപ്പെട്ട് ഭാര്യ മഞ്ജുഷ നൽകിയ ഹർജി പരിഗണിക്കുന്നത് ഹൈക്കോടതി അടുത്ത മാസം ഒൻപതിലേക്ക് മാറ്റി. പൊലീസ് അന്വേഷണത്തിൽ തൃപ്തിയില്ലെന്നാരോപിച്ചാണ് ഹർജി.

ബി ജെ പി സംസ്ഥാന അധ്യക്ഷൻ കെ സുരേന്ദ്രൻ ഇന്ന് നവീൻ ബാബുവിൻറെ വീട് സന്ദർശിച്ചു.

## REV. IMD - TAMIL NADU

തെക്കുപടിഞ്ഞാറൻ ബംഗാൾ ഉൾക്കടലിൽ രൂപപ്പെട്ട ന്യൂനമർദം ഇന്ന് 'ഫെംഗൽ' ചുഴലിക്കാറ്റായി മാറാൻ സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ചുഴലിക്കാറ്റിന് മുന്നോടിയായി തമിഴ്നാട്ടിലെ മയിലാടുതുറൈ, നാഗപട്ടണം, തിരുവാരൂർ ജില്ലകളിലും പുതുച്ചേരിയിലെ കാരയ്ക്കലിലും ശക്തമായ മഴയ്ക്കും സാധ്യത. പ്രദേശങ്ങളിൽ ചുവപ്പ് ജാഗ്രതയും പ്രഖ്യാപിച്ചിട്ടുണ്ട്. മത്സ്യത്തൊഴിലാളികൾ കടലിൽ പോകരുതെന്നും നിർദേശമുണ്ട്. താഴ്ന്ന പ്രദേശങ്ങളിൽ താമസിക്കുന്നവർ സുരക്ഷിത സ്ഥലങ്ങളിലേക്ക് മാറണമെന്നും നിർദേശിച്ചിട്ടുണ്ട്. ജില്ലാ അധികാരികളെ ഏകോപിപ്പിക്കുന്നതിനും അടിയന്തര നടപടി സ്വീകരിക്കുന്നതിനും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിനും കൈമാറുന്നതിനുമായി ചെന്നൈയിൽ ഒരു കൺട്രോൾ റൂമും തുറന്നു.

## FEROKE BRIDGE (INTRO)

സംസ്ഥാനത്തെ പാലങ്ങൾ ദീപാലംകൃതമാക്കുന്നതിന്റെ ഭാഗമായി ദീപാലംകൃതമാക്കി നവീകരിച്ച ഫറോക്ക് പുതിയ പാലത്തിന്റെ ഉദ്ഘാടനംപൊതുമരാമത്ത് ടൂറിസം വകുപ്പ് മന്ത്രി പി എ മുഹമ്മദ് റിയാസ് നിർവഹിച്ചു. ദീപാലങ്കാരത്തിൻറെസ്വിച്ച് ഓൺ കർമം നിർവ്വഹിച്ചായിരുന്നു ഉദ്ഘാടനം.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി കോഴിക്കോട് പ്രതിനിധി നസീർബാബു.

(വോയ്സ്)

❀❀❀❀❀❀❀❀❀❀❀

## FOOTBALL ISL

ഐഎസ്എൽ ഫുട്ബോളിൽ ഇന്ന് മൊഹമ്മദൻ എഫ് സി, ബംഗളൂരു എഫ് സിയുമായി ഏറ്റുമുട്ടും. കൊൽക്കത്തയിൽ രാത്രി 7.30 ന് ആണ് മത്സരം.

❀❀❀❀❀❀❀❀❀❀❀

## AP TECHNOLOGY

അത്യാധുനിക സാങ്കേതിക വിദ്യകൾ വികസിപ്പിക്കുന്നതിനായി അമരാവതിയിൽ കേന്ദ്രം നിർമ്മിക്കാൻ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകി ആന്ധ്രപ്രദേശ് മുഖ്യമന്ത്രി ചന്ദ്രബാബു നായിഡു. നിർമ്മിത ബുദ്ധി പോലുള്ള ആധുനിക സാങ്കേതിക വിദ്യയുടെ പ്രാധാന്യം ഭാവി രൂപപ്പെടുത്താൻ ആവശ്യമാണെന്ന് അദ്ദേഹം പറഞ്ഞു. പുതിയ ഐടി നയം സംബന്ധിച്ച വിലയിരുത്തലിനിടെയാണ് മുഖ്യമന്ത്രി ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയത്. ഐടി സംരഭങ്ങൾക്കായി ധന സഹായം നൽകാനും നിർദേശമുണ്ട്.

❀❀❀❀❀❀❀❀❀❀❀

## AP-TOURISM DEVELOPMENT

വിനോദ സഞ്ചാര പദ്ധതികളെക്കുറിച്ച് ചർച്ച ചെയ്യാൻ ആന്ധ്രാപ്രദേശ് ഉപമുഖ്യമന്ത്രി പവൻ കല്യാൺ കേന്ദ്ര ടൂറിസം മന്ത്രി ഗജേന്ദ്ര സിംഗ് ഷെഖാവത്തിനെ ഡൽഹിയിൽ സന്ദർശിച്ചു. ഗന്ദിക്കോട്ട, അഖണ്ഡ ഗോദാവരി, സൂര്യലങ്ക ബീച്ച് തുടങ്ങിയവയുടെ വികസനത്തിനായി പ്രത്യേക സഹായ പദ്ധതിക്ക് കീഴിൽ 250 കോടി രൂപ ശ്രീ പവൻ കല്യാൺ ആവശ്യപ്പെട്ടു. തീർഥാടക സൗകര്യങ്ങൾ വർധിപ്പിക്കുന്നതിന് പ്രസാദ് പദ്ധതിയ്ക്ക് കീഴിൽ അരസവല്ലി, മംഗളഗിരി ക്ഷേത്രങ്ങൾ ഉൾപ്പെടുത്താനും അദ്ദേഹം നിർദ്ദേശിച്ചു. ആന്ധ്രാപ്രദേശിലെ വിവിധ വിനോദ സഞ്ചാര പദ്ധതികളെക്കുറിച്ചും ഇരുവരും ചർച്ച ചെയ്തു.

❀❀❀❀❀❀❀❀❀❀❀

## J and K POLICE CRACK DOWN

ജമ്മു കശ്മീരിൽ, നിരോധിത സംഘടനകളായ ജെയ്ഷെ മുഹമ്മദ്, ലഷ്കർ ഇ തൊയ്ബ എന്നിവയുമായി ബന്ധമുള്ള തീവ്രവാദ ശൃംഖലകൾക്കെതിരെ പോലീസിൻറെ വ്യാപക പരിശോധന. ജമ്മു മേഖലയിൽ രജൗരി, പൂഞ്ച്, കിഷ്ത്വാർ, ഉധംപൂർ ജില്ലകളിലെ വിവിധ ഇടങ്ങളിൽ ഇന്നലെ 56 റെയ്ഡുകളും തെരച്ചിലുകളും നടന്നു. സംശയാസ്പദമായ സാഹചര്യത്തിൽ നിരവധിപ്പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. ഇലക്ട്രോണിക് ഉപകരണങ്ങൾ, രേഖകൾ, കണക്കിൽപ്പെടാത്ത പണം, ആയുധങ്ങൾ, വെടിക്കോപ്പുകൾ എന്നിവയുൾപ്പെടെയുള്ള സാമഗ്രികൾ പ്രദേശങ്ങളിൽ നിന്നും പിടിച്ചെടുത്തു. റെയ്ഡിനിടെ ശേഖരിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ അന്വേഷണം തുടരുമെന്ന് ജമ്മു മേഖല അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പോലീസ് അറിയിച്ചു.

# IFFI

ഗോവയിൽ നടക്കുന്ന 55 -മത് ഇന്ത്യ അന്താരാഷ്ട്ര ചലച്ചിത്രമേളയിൽ ഇന്ന ് 70 ൽ പരം ചിത്രങ്ങൾ പ്രദർശിപ്പിക്കും. തപൻ സിൻഹയുടെ ഹാർമോണിയവും ഇന്ന് പ്രദർശിപ്പിക്കുന്ന ചിത്രങ്ങളിൽ ഉൾപ്പെടുന്നു.